CRE 2025-26

SESSION 13

SEPTEMBER 2025

Segment 1

QURANVERSE

10 mints

Objectives

1. സൂറഃ മനഃപാഠമാക്കൽ.
2. ഖുർആൻ ആശയം ഗ്രഹിച്ച് പഠിക്കാൻ പ്രോത്സാഹനം നൽകൽ.
3. തജ്‌വീദോടു കൂടി ഖുർആൻ പാരായണം ചെയ്യാൻ പ്രചോദിപ്പിക്കൽ.

സൂറത്തു തകാഥുർ

https://youtu.be/oXBDniV5-io?si=aGD6_Wo71s-FRmVt

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

أَلْهَىٰكُمُ ٱلتَّكَاثُرُ ﴿١﴾

102:1പരസ്പരം പെരുപ്പം കാണിക്കൽ നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കയാണ്

أَلْهَاكُمُ നിങ്ങളെ അശ്രദ്ധയിലാക്കി, മിനക്കെടുത്തിയിരിക്കുന്നു التَّكَاثُرُ പെരുപ്പം നടിക്കൽ, ആധിക്യം കാട്ടൽ

حَتَّىٰ زُرْتُمُ ٱلْمَقَابِرَ ﴿٢﴾

102:2നിങ്ങൾ ഖബ്ർ സ്ഥാനങ്ങളെ സന്ദർശിക്കുന്നതു വരേക്കും

حَتَّىٰ زُرْتُمُ നിങ്ങൾ സന്ദർശിക്കുന്നതുവരേക്കും الْمَقَابِرَ ഖബ്ർ (ശ്മശാന)സ്ഥാനങ്ങളെ

كَلَّا سَوْفَ تَعْلَمُونَ ﴿٣﴾

102:3വേണ്ടാ, വഴിയെ നിങ്ങൾക്ക് അറിയാറാകും!

كَلَّا = വേണ്ട, അതല്ല, അങ്ങിനെയല്ല سَوْفَ = വഴിയെ, പിറകെ تَعْلَمُونَ =നിങ്ങൾ അറിയും

ثُمَّ كَلَّا سَوْفَ تَعْلَمُونَ ﴿٤﴾

102:4പിന്നെ, വേണ്ടാ! വഴിയെ നിങ്ങള്‍ക്ക് അറിയാറാകും!

ثُمَّ كَلَّا = പിന്നെ വേണ്ടാ سَوْفَ تَعْلَمُونَ = നിങ്ങള്‍ വഴിയെ അറിയും

كَلَّا لَوْ تَعْلَمُونَ عِلْمَ ٱلْيَقِينِ ﴿٥﴾

102:5വേണ്ടാ! നിങ്ങള്‍ ദൃഢമായ അറിവു അറിയുമായിരുന്നെങ്കില്‍! [എന്നാല്‍ നിങ്ങള്‍ അങ്ങിനെ ചെയ്യുമായിരുന്നില്ല.]

كَلَّا = വേണ്ടാ لَوْ تَعْلَمُونَ =നിങ്ങള്‍ അറിഞ്ഞിരുന്നുവെങ്കില്‍ عِلْمَ الْيَقِينِ= ഉറപ്പായ (ദൃഢമായ) അറിവ്

لَتَرَوُنَّ ٱلْجَحِيمَ ﴿٦﴾

102:6ജ്വലിക്കുന്ന നരകത്തെ നിശ്ചയമായും നിങ്ങള്‍ കാണുക തന്നെ ചെയ്യും.

لَتَرَوُنَّ = നിശ്ചയമായും നിങ്ങള്‍ കാണുകതന്നെ ചെയ്യും الْجَحِيمَ = ജ്വലിക്കുന്ന നരകം

ثُمَّ لَتَرَوُنَّهَا عَيْنَ ٱلْيَقِينِ ﴿٧﴾

102:7പിന്നെ, നിശ്ചയമായും, നിങ്ങള്‍ അതിനെ ദൃഢമായ കണ്‍കാഴ്ചയായി കാണുകതന്നെ ചെയ്യും.

ثُمَّ لَتَرَوُنَّهَا = പിന്നെ നിങ്ങള്‍ അതിനെ കാണുകതന്നെ ചെയ്യും عَيْنَ الْيَقِينِ =ഉറപ്പായ

(ദൃഢമായ) കാഴ്ചയായി, ഉറപ്പ് തന്നെയായി

ثُمَّ لَتُسْـَٔلُنَّ يَوْمَئِذٍ عَنِ ٱلنَّعِيمِ ﴿٨﴾

102:8പിന്നീട് അന്നത്തെ ദിവസം, നിങ്ങളോടു സുഖാനുഗ്രഹങ്ങളെപ്പറ്റി നിശ്ചയമായും ചോദ്യം ചെയ്യപ്പെടും!

ثُمَّ لَتُسْأَلُنَّ = പിന്നെ നിശ്ചയമായും നിങ്ങള്‍ ചോദിക്കപ്പെടും يَوْمَئِذٍ = അന്നത്തെ ദിവസം عَنِ النَّعِيمِ = സുഖാനുഗ്രഹത്തെപ്പറ്റി

<u>തജ്‌വീദ്</u>

إظهار

ء , ه , ع , ح , غ , خ

എന്നീ ആറ് അക്ഷരങ്ങൾ തൊണ്ടയിൽ നിന്ന് പുറപ്പെടുന്നവയാണ് എന്ന് നമ്മൾ മനസ്സിലാക്കിയല്ലോ..

ثُمَّ لَتُسْـَٔلُنَّ يَوْمَئِذٍ عَنِ ٱلنَّعِيمِ ○

ഈ ആയത്തിൽ يَوۡمَئِذٍ എന്ന പദത്തിൽ تنوين ന് ശേഷം തൊണ്ടയിൽ നിന്ന് പുറപ്പെടുന്ന അക്ഷരമായ ع നിങ്ങൾ ശ്രദ്ധിച്ചോ.. ഇവിടെ تنوين നെ إظهار ചെയ്യണം. إظهار എന്നാൽ വ്യക്തമായി ഉച്ചരിക്കുക എന്നാണ് ഉദ്ദേശം. സുക്കൂനുള്ള ن നും تنوين നും വ്യക്തമായി ഉച്ചരിക്കുന്നത് പോലെ വ്യക്തമാക്കാതെ ഉച്ചരിക്കേണ്ട സ്ഥലങ്ങളുമുണ്ട്. വ്യക്തമായി ഉച്ചരിക്കുന്നതിനെ പറ്റി (الإظهار) നമുക്ക് പഠിക്കാം..

i سكون ഉള്ള ن നോ تنوين നോ ശേഷം حروف الحلق (തൊണ്ടയിൽ നിന്ന് പുറപ്പെടുന്ന അക്ഷരങ്ങൾ) ൽ ഏതെങ്കിലും ഒന്ന് വന്നാൽ ن ഉം تنوين ഉം വ്യക്തമായി ഉച്ചരിക്കണം ഇതിന്. إظهار എന്ന് പറയുന്നു.

മറ്റു ഉദാഹരണങ്ങൾ:-

1) إِنۡ هُوَ إِلَّا ذِكۡرٞ لِّلۡعَٰلَمِينَ

2) خَلَقَ ٱلۡإِنسَٰنَ مِنۡ عَلَقٍ

3) نَارٌ حَامِيَةُۢ

4) وَمِن شَرِّ غَاسِقٍ إِذَا وَقَبَ

Segment 2

30 MINUTES

ഈമാൻ കാര്യങ്ങൾ

കിത്താബുകളിലുള്ള വിശ്വാസം

കിതാബുകളിലുള്ള വിശ്വാസം

ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസ കാര്യങ്ങളിലെ സുപ്രധാനമായ ഒന്നാണ് വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം. നബി ﷺ യുടെ അടുക്കലേക്ക് ജിബ്‌രീൽ عليه السلام വന്ന് സംസാരിച്ച ഹദീസിൽ ഇപ്രകാരം കാണാം:

أَنْ تُؤْمِنَ بِاللَّهِ وَمَلاَئِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الْآخِرِ، وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّ

നബി ﷺ പറഞ്ഞു: 'ഈമാൻ' എന്നാൽ അല്ലാഹുവിലും അവന്റെ മലക്കുകളിലും, അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ പ്രവാചകന്മാരിലും, അവസാന നാളിലും, വിധിനിർണയത്തിലും വിശ്വസിക്കലാകുന്നു. (ബുഖാരി:2)

كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ

അവരെല്ലാം (റസൂലും സത്യവിശ്വാസികളും) അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. (ഖുർആൻ: 2/285)

വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കാത്തവർ അവിശ്വാസികളാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നത് കാണുക:

وَمَن يَكْفُرْ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ وَٱلْيَوْمِ ٱلْءَاخِرِ فَقَدْ ضَلَّ ضَلَٰلًۢا بَعِيدًا

അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. (ഖുർആൻ:4/136)

അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളെയൊക്കെയും അംഗീകരിക്കുവാനും സത്യപ്പെടുത്തുവാനും ഒരു വിശ്വാസി ബാധ്യസ്ഥനാണ്. അവയിലേതെങ്കിലുമൊന്ന് നിഷേധിച്ചാൽതന്നെ എല്ലാറ്റിനെയും നിഷേധിച്ചതിന് തുല്യമാണ്. വിശ്വാസികളോടായി അല്ലാഹു പറയുന്നത് കാണുക:

قُولُوٓا۟ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ إِلَيْنَا وَمَآ أُنزِلَ إِلَىٰٓ إِبْرَٰهِـۧمَ وَإِسْمَـٰعِيلَ وَإِسْحَـٰقَ وَيَعْقُوبَ وَٱلْأَسْبَاطِ وَمَآ أُوتِىَ مُوسَىٰ وَعِيسَىٰ وَمَآ أُوتِىَ ٱلنَّبِيُّونَ مِن رَّبِّهِمْ لَا نُفَرِّقُ بَيْنَ أَحَدٍ مِّنْهُمْ وَنَحْنُ لَهُۥ مُسْلِمُونَ

നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാക്വിനും യഅ്ക്വൂബിനും യഅ്ക്വൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവപ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽനിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന് (അല്ലാഹുവിന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു. (ഖുർആൻ:2/136)

വേദഗ്രന്ഥങ്ങൾ എന്ത്, എന്തിന്?

കാരുണ്യവാനായ അല്ലാഹു അവന്റെ കാരുണ്യത്തിന്റെ ഭാഗമായി സൃഷ്ടികൾക്ക് മാർഗദർശനവും ഇഹപര വിജയത്തിന്റെ മാർഗരേഖകളുമായി വിവിധ കാലഘട്ടങ്ങളിലായി വിവിധ പ്രവാചകന്മാർക്ക് വേദഗ്രന്ഥങ്ങളവതരിപ്പിച്ചുണ്ട്. മൂസാ നബി عليه السلام ക്ക് അവതരിച്ച തൗറാത്തും ദാവൂദ് നബി عليه السلام ക്ക് ലഭിച്ച സബൂറും ഈസാ عليه السلام ക്ക് കിട്ടിയ ഇഞ്ചീലും അവയിൽ പെട്ടതാണ്. ഇത്തരത്തിലുള്ള ദൈവിക ഗ്രന്ഥങ്ങളിൽ അവസാനത്തെതാണ് വിശുദ്ധ ഖുർആൻ.

വിവിധ കാലങ്ങളിലായി വ്യത്യസ്ത ജനസമൂഹങ്ങളിലേക്ക് അവതരിച്ചവയാണെങ്കിലും അടിസ്ഥാന കാര്യങ്ങളിൽ പരസ്പരം യോജിക്കുന്നവയാണ് ദൈവിക ഗ്രന്ഥങ്ങളൊക്കെയും. എന്നാൽ വിശദമായ

നിയമനിർദേശങ്ങളിലും കർമാനുഷ്ഠാനങ്ങളിലും വ്യത്യാസങ്ങളുണ്ടായിരിക്കും. തികച്ചും ദൈവികമായ ഉദ്ദേശ്യലക്ഷ്യങ്ങളും യുക്തിരഹസ്യങ്ങളുമനുസരിച്ചാണ് അവയുടെ അവതരണവും അവയിലെ വ്യത്യാസങ്ങളും

وَأَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلْكِتَٰبِ وَمُهَيْمِنًا عَلَيْهِ ۖ فَٱحْكُم بَيْنَهُم بِمَآ أَنزَلَ ٱللَّهُ ۖ

(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിൻറെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്. അതിനാൽ നീ അവർക്കിടയിൽ നാം അവതരിപ്പിച്ച് തന്നതനുസരിച്ച് വിധികൽപിക്കുക. (ഖുർആൻ:5/48)

എന്നാൽ ദൈവിക ഗ്രന്ഥങ്ങളെയും ദൈവദൂതന്മാരെയും പരിഗണിക്കുകയോ സ്വീകരിക്കുകയോ ചെയ്യാതെ നിഷേധിക്കുകയും അവഹേളിക്കുകയും ചെയ്തവർ ചരിത്രത്തിലനവധിയുണ്ടായിട്ടുണ്ട്. അവരിൽ പലർക്കും ഇഹലോകത്തുതന്നെ അതിന്റെ ദുരന്തഫലം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പാരത്രിക ജീവിതത്തിൽ ഏതായാലും അവർക്ക് രക്ഷയോ സമാധാനമോ ഉണ്ടായിരിക്കില്ലെന്ന് സ്രഷ്ടാവ് മുന്നറിയിപ്പു നൽകിയിട്ടുണ്ട്:

﴿٦٩﴾ ٱلَّذِينَ كَذَّبُوا۟ بِٱلْكِتَٰبِ وَبِمَآ أَرْسَلْنَا بِهِۦ رُسُلَنَا ۖ فَسَوْفَ يَعْلَمُونَ أَلَمْ تَرَ إِلَى ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِ ٱللَّهِ أَنَّىٰ يُصْرَفُونَ
﴿٧٢﴾ ﴿٧١﴾ فِى ٱلْحَمِيمِ ثُمَّ فِى ٱلنَّارِ يُسْجَرُونَ ﴿٧٠﴾ إِذِ ٱلْأَغْلَٰلُ فِىٓ أَعْنَٰقِهِمْ وَٱلسَّلَٰسِلُ يُسْحَبُونَ

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുന്നവരുടെ നേർക്ക് നീ നോക്കിയില്ലേ; എങ്ങനെയാണ് അവർ വ്യതിചലിപ്പിക്കപ്പെടുന്നത് എന്ന്? വേദഗ്രന്ഥത്തെയും നാം നമ്മുടെ ദൂതൻമാരെ അയച്ചത് എന്തൊരു ദൗത്യം കൊണ്ടാണോ അതിനെയും നിഷേധിച്ചുകളഞ്ഞവരത്രെ അവർ. എന്നാൽ വഴിയെ അവർ അറിഞ്ഞുകൊള്ളും. അതെ; അവരുടെ കഴുത്തുകളിൽ കുരുക്കുകളും ചങ്ങലകളുമായി അവർ വലിച്ചിഴക്കപ്പെടുന്ന സന്ദർഭം; ചുട്ടുതിളക്കുന്ന വെള്ളത്തിലൂടെ. പിന്നീട് അവർ നരകാഗ്നിയിൽ എരിക്കപ്പെടുകയും ചെയ്യും. (ഖുർആൻ: 40/69–72)

വേദഗ്രന്ഥത്തിലൂടെ അവതരിപ്പിക്കപ്പെടുന്ന തെളിവുകളും നിർദേശങ്ങളും അവഗണിച്ച് ജീവിക്കുന്നവർക്ക് പാരത്രിക ജീവിതത്തിൽ അവ എതിർരേഖയായി വരുമെന്നുള്ളത് തീർച്ചയാണ്.

അതുപോലെതന്നെ അന്തിമ വേദഗ്രന്ഥം

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ അവസാനത്തെതാണ് വിശുദ്ധ ഖുർആൻ. ദൈവികമെന്ന് ആവർത്തിച്ചാവർത്തിച്ച് അവകാശപ്പെടുന്നത് നമുക്ക് കാണാൻ സാധിക്കും:

وَإِنَّهُۥ لَتَنزِيلُ رَبِّ ٱلْعَٰلَمِينَ ﴿١٩٢﴾ نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ ﴿١٩٣﴾ عَلَىٰ قَلْبِكَ لِتَكُونَ مِنَ ٱلْمُنذِرِينَ ﴿١٩٤﴾ بِلِسَانٍ عَرَبِيٍّ مُّبِينٍ ﴿١٩٥﴾

തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്‌രീൽ) അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു; നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്). (ഖുർആൻ: 26/192-195)

الٓمٓ ﴿١﴾ تَنزِيلُ ٱلْكِتَٰبِ لَا رَيْبَ فِيهِ مِن رَّبِّ ٱلْعَٰلَمِينَ ﴿٢﴾

അലിഫ്-ലാം-മീം. ഈ ഗ്രന്ഥത്തിന്റെ അവതരണം സർവലോകരക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല. (ഖുർആൻ : 32/1-2)

ഓരോ പ്രത്യേക കാലഘട്ടത്തിലേക്ക് മാത്രമായിട്ടായിരുന്നു മുൻ വേദഗ്രന്ഥങ്ങളവതരിപ്പിക്കപ്പെട്ടത്. എന്നാൽ വിശുദ്ധ ക്വുർആൻ ലോകാവസാനം വരെയുള്ള സർവ ജനങ്ങളിലേക്കുമായി അവതരിപ്പിക്കപ്പെട്ട അന്തിമ വേദഗ്രന്ഥമാണ്.

ഖുർആനിന്റെ അവതരണത്തോടെ പരിമിതകാലത്തേക്ക് അവതരിക്കപ്പെട്ട മുൻവേദഗ്രന്ഥങ്ങളുടെ കാലപരിധിയും ദൗത്യവും അവസാനിച്ചു.

മുൻ വേദഗ്രന്ഥങ്ങളെ ഏൽപിക്കപ്പെട്ട സമൂഹങ്ങൾ അവയോട് വേണ്ടപോലെ നീതി പുലർത്തിയില്ലായെന്ന് മാത്രമല്ല, അവയിൽ കൈകടത്തലുകൾ നടത്തുകയും സ്വാർഥ താൽപര്യങ്ങൾക്കനുസരിച്ച് ദുർവ്യാഖ്യാനിക്കുകയും ചെയ്തു:

فَوَيْلٌ لِّلَّذِينَ يَكْتُبُونَ ٱلْكِتَٰبَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَٰذَا مِنْ عِندِ ٱللَّهِ لِيَشْتَرُوا۟ بِهِۦ ثَمَنًا قَلِيلًا ۖ فَوَيْلٌ لَّهُم مِّمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَّهُم مِّمَّا يَكْسِبُونَ

എന്നാൽ സ്വന്തം കൈകൾകൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വിലകുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്). അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം. (ഖുർആൻ: 2/79)

എന്നാൽ ഇങ്ങനെയെല്ലാം ഉണ്ടായിരിക്കെത്തന്നെ അവന്റെ ഗ്രന്ഥത്തെയും ദീനിനെയും സംരക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു:

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ

തീർച്ചയായും നാമാണ് ആ ഉൽബോധനം (ഖുർആൻ) അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്. (ഖുർആൻ :15/9)

ഇസ്ലാമിക വിജ്ഞാനം കൃത്യമായി സ്വായത്തമാക്കുകയാണെങ്കിൽ, ഇസ്ലാമിൻറെ വിശ്വാസ കർമ്മ മേഖലകളിൽ വല്ല രൂപത്തിലുള്ള അഭിപ്രായഭിന്നതുകളും കടന്നുവന്നാൽ, അതിൽ കൃത്യമായ തീരുമാനം എടുക്കുവാൻ സാധിക്കും എന്നുള്ളതാണ്..... കാരണം ഇസ്ലാമിൻറെ ഗ്രന്ഥങ്ങൾ ലോകത്തിന് പഠിപ്പിക്കുന്നത് യഥാർത്ഥ ജീവിതമായ പരലോകത്ത് വിജയിക്കാൻ ആവശ്യമായ തയ്യാറെടുപ്പുകളാണ്..... അതുകൊണ്ട് ഇസ്ലാമിക ഗ്രന്ഥങ്ങൾ കൃത്യമായി മനസ്സിലാക്കി, അതിൽ അടിയുറച്ച് വിശ്വസിച്ച്, ഒരു കളങ്കവുമില്ലാത്ത ഈമാനോട് കൂടി മരണപ്പെടാൻ നമുക്ക് സാധിക്കേണ്ടതുണ്ട്, അല്ലാഹു(സു) നമ്മെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ......

Segment 3

വെളിച്ചം

QURANIC CHAPTERS

5 mins

കഴിഞ്ഞപത്ത്ക്ലാസ്സുകളിലായി നമ്മൾ 1 മുതൽ 50ാം സൂറത്ത്വരെയുള്ളതിന്റെ പേരുംഅർത്ഥവും ക്രമത്തിൽ പഠിച്ചല്ലോ....?!

51-55

51. الذاريات – അദ്ദാരിയാത്
52. الطور - അത്ത്വൂർ
53. النجم – അന്നജ്മ്
54. القمر - അൽ ഖമർ
55. الرحمن - അർറഹ് മാൻ

സിജാലുമായി ബന്ധപ്പെട്ട ചർച്ചകളും പ്രവർത്തനങ്ങളും സെന്ററുകളിൽ നടക്കേണ്ടത് കൊണ്ട് ബാക്കിയുള്ള സെഗ്മെന്റുകൾ താൽക്കാലികമായി ഈ ആഴ്ച ഒഴിവാക്കുന്നു

CRE WING | MSM Kerala